VOL 1 ISSUE 10 | AUGUST 2018 apcconvoice@gmail.com | www.apccon.com Private Circulation Only

# APCCON VOICE

FREE
Circulation strictly for Christian Churches only

THE OFFICIAL NEWSLETTER OF ABU DHABI PENTECOSTAL CHURCHES CONGREGATION

# മഴക്കെടുതി; സഹായഹസ്തവുമായി അപ്കോണും

**ആലപ്പുഴ** ● അതിശക്തമായ പേമാരിയിൽ കേരളത്തിൽ പലസ്ഥലങ്ങളിലും ലക്ഷങ്ങളുടെ നാശനഷ്ടം. പലരുടെയും പാർപ്പിടങ്ങളും കൃഷിസ്ഥലങ്ങളും നശിച്ചു.തീരപ്രദേശങ്ങളിൽ പലയിടത്തും വ്യാപക നാശനഷ്ടങ്ങളാണ് സംഭവിച്ചിരിക്കുന്നത്. വീടുകളിൽ വെള്ളം കയറിയതിനെത്തുടർന്ന് പലരെയും ദുരിതാശ്വാസ ക്യാമ്പുകളിലേക്കു മാറ്റിത്താമസിപ്പിച്ചു. മഴയ്ക്കു നേരിയ ശമനം ഉണ്ടായിട്ടുണ്ടെങ്കിലും വെള്ളം കയറിയതിന്റെ പ്രയാസത്തിൽ അനേകർ ആയിരിക്കുന്നു. ദൈവമക്കൾ പ്രാർത്ഥിക്കുക.






മഴയിലും വെള്ളപ്പൊക്കത്തിലും ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് ആശ്വാസമായി അപ്കോണിന്റെ നേതൃത്വത്തിൽ ഭക്ഷണക്കിറ്റുകൾ വിതരണം ചെയ്തു. ആലപ്പുഴയിലെ വിവിധ സ്ഥലങ്ങളിൽ ദുരിതം അനുഭവിക്കുന്ന 150-ഓളം കുടുംബങ്ങൾക്കാണ് ഭക്ഷണക്കിറ്റുകൾ വിതരണം ചെയ്തത്. ഒരു കുടുംബത്തിന് രണ്ട് ദിവസത്തേക്ക് ആവശ്യമായ പലചരക്കു സാധനങ്ങൾ ഉൾക്കൊള്ളുന്ന പാക്കറ്റുകളാണ് നൽകിയത്. അപ്കോൺ ചാരിറ്റി കോർഡിനേറ്റർ ബ്രദർ പി.ഇ. മാത്യൂസ് സഹായവിതരണത്തിനു നേതൃത്വം നൽകി. മുൻ അപ്കോൺ സെക്രട്ടറി ബ്രദർ ഒ. ടി .മാത്യുക്കുട്ടിയും തദവസരത്തിൽ സന്നിഹിതനായിരുന്നു.

അപ്കോൺ അംഗത്വസഭകളിലെ ശുശ്രൂഷകന്മാരും വിശ്വാസികളും സന്തോഷത്തോടെ ഈ ഉദ്യമത്തിൽ പങ്കാളികളായി. സ്വർഗീയപിതാവ് ഏവരെയും സകല നന്മകളാലും നിറയ്ക്കട്ടെ. എല്ലാ സഭകളോടും അപ്കോൺ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പ്രത്യേക നന്ദി അറിയിക്കുന്നു.

പാസ്റ്റർ ബെന്നി പി. ജോൺ (പ്രസിഡന്റ്),പാസ്റ്റർ ജേക്കബ് സാമുവേൽ(വൈസ് പ്രസിഡണ്ട്), സാം സക്കറിയ ഈപ്പൻ(സെക്രട്ടറി), ജോൺസി കടമ്മനിട്ട (ജോ.സെക്രട്ടറി), റെനു അലക്സ് (ട്രഷറർ), രെഞ്ചു മോസസ് (ജോ.ട്രഷറർ) എന്നിവരടങ്ങുന്ന കമ്മറ്റിയാണ് അപ്കോണിന് നേതൃത്വം നൽകുന്നത്.

## മൂന്നാമത് നാഷണൽ പ്രെയർ കോൺഫ്രൻസ് ഷാർജയിൽ







**ഷാർജ** ● മൂന്നാമത് നാഷണൽ പ്രെയർ കോൺഫ്രൻസ് 2018 ഓഗസ്റ്റ് 21 ചൊവ്വ മുതൽ 23 വ്യാഴം വരെ ഷാർജ വർഷിപ്പ് സെന്റർ മെയിൻ ഹാളിൽ നടക്കും. ചൊവ്വാഴ്ച വൈകിട്ട് 7 മുതൽ 10 വരെയും ബുധൻ, വ്യാഴം ദിവസങ്ങളിൽ രാവിലെ 10 മുതൽ രാത്രി 10 മണി വരെയുമാണ് മീറ്റിംഗ്. പ്രസ്തുത മീറ്റിംഗിൽ പാസ്റ്റർ ബാബു ചെറിയാൻ, ഇവാ. ഷിബു തോമസ്, പാസ്റ്റർ രാജേഷ് ഏലപ്പാറ, പാസ്റ്റർ ജോസ് വേങ്ങൂർ തുടങ്ങിയവർ ദൈവവചനം പ്രസംഗിക്കും. ബ്രദ. ജിബി വർഗ്ഗീസ്, പാസ്റ്റർ ജെയ്‌ലാൽ ലോറൻസ് എന്നിവർ ആരാധനയ്ക്കു നേതൃത്വം നൽകും. രജിസ്ട്രേഷൻ സൗജന്യം.

**058- 9239629**
**APCCON WHATSAPP NO.**

MAIL US:
apcconvoice@gmail.com

- **അപ്കോൺ വോയ്സ് Digital version (PDF) ആവശ്യമുള്ളവർ APCCON Whatsapp നമ്പറിൽ ബന്ധപ്പെടുക.**
- **നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങളും APCCON Whatsapp Number -ൽ അയക്കാവുന്നതാണ്.**

GUEST COLUMN

## സിഗ്നലുകൾ അവഗണിക്കരുതേ...



**പാസ്റ്റർ സാം പനച്ചയിൽ**
പത്തനംതിട്ട



മനുഷ്യന്റെ തിരക്കുള്ള ജീവിതത്തിന്റെ വേഗത എത്രയെന്നു നിർണ്ണയിക്കുവാൻ കഴിയുന്നില്ല. വളരെ വേഗതയിലുള്ള ഓട്ടം. സ്കൂളിൽ പഠിക്കുന്ന കൊച്ചു കുട്ടി മുതൽ പ്രായാധിക്യത്തിൽ എത്തിയവർ വരെ ഈ തിരക്കിന്റെ മദ്ധ്യത്തിലാണ്. ആർക്കും ആരെയും ശ്രദ്ധിക്കുവാൻ സമയമില്ല. ബന്ധങ്ങൾക്കു വിള്ളലുകൾ വീണിരിക്കുന്നു. എത്രയോ കുടുംബങ്ങൾ തകർന്നു കഴിഞ്ഞു. പരസ്പരം സഹകരിക്കുവാൻ കഴിയാത്ത അവസ്ഥയിൽ ദൂരത്തായിരിക്കുന്നു. നൊമ്പരങ്ങളും വേദനകളും സന്തോഷങ്ങളും പങ്കുവയ്ക്കുവാൻ കഴിയാതെ മനുഷ്യൻ ആത്മഹത്യയിലേക്കും തകർച്ചയിലേക്കും താണുപോയിരിക്കുന്നു. വിശുദ്ധ വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ നിറവേറിക്കൊണ്ടിരിക്കുന്നു. വരുവാൻ പോകുന്ന കെണികളിൽ നിന്നും രക്ഷപെടുവാനും വിജയത്തിൽ കൊണ്ടെത്തിക്കുന്ന നിത്യതയെക്കുറിച്ചും ബൈബിൾ ശക്തമായ മുന്നറിയിപ്പു നമുക്കു

ശേഷം പേജ് 3–ൽ



For Private Circulation only - Not for sale

# നല്ല ഫലം കായ്ക്കുന്നവരാകാം



ജോൺസി കടമ്മനിട്ട
ചീഫ് എഡിറ്റർ

അപ്കോൺ വോയിസിന്റെ എല്ലാ മാന്യവായനക്കാർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

ഒരു വൃക്ഷത്തെ അതിന്റെ ഫലം കൊണ്ടു തിരിച്ചറിയാം. നമ്മുടെ ചുറ്റുപാടുമുള്ള പ്രകൃതിയിലേക്ക് ഒന്നു കണ്ണോടിച്ചാൽ നമുക്ക് സുപരിചിതമായതും പരിചിതമല്ലാത്തതുമായ അനേക വൃക്ഷ-സസ്യങ്ങളെ കാണാം. അതിൽ ചിലത് നല്ല ഫലം കായ്ക്കുന്നതും ചിലത് ചീത്ത ഫലം കായ്ക്കുന്നതുമാണ്. ചില ഫലങ്ങൾ വളരെ രുചിയേറിയവയും കാണ്മാൻ ഭംഗിയുള്ളതും കഴിക്കുന്നവർക്ക് പ്രയോജനപ്പെടുന്നവയുമായിരിക്കും. എന്നാൽ മറ്റു ചിലതാകട്ടെ കാണുവാൻ ഭംഗിയുണ്ടെങ്കിലും കഴിക്കുന്ന നിമിഷത്തിൽ തന്നെ അതിലുള്ള മാരകവിഷം നിമിത്തം ജീവനു തന്നെ ഭീഷണി ഉളവാക്കുന്നതുമാണ്.

യോഹ.15:5-ൽ ഇങ്ങനെ കാണുന്നു, ‘‘എന്നിൽ (യേശുവിൽ) വസിക്കുന്ന കൊമ്പ് വളരെ ഫലം കായ്ക്കുന്നു.”’’ നാം വളരെ ഫലം കായ്ക്കുന്നതിനാണ് കർത്താവ് ആഗ്രഹിക്കുന്നത്. എന്നാൽ നാം പുറപ്പെടുവിക്കുന്ന ഫലം എപ്രകാരമുള്ളതാണ്. അത് മറ്റുള്ളവർക്ക് ആശ്വാസം പകരുന്നതോ അതോ മാരകവിഷമാണോ? ഒരു പക്ഷേ കാഴ്ചയ്ക്കു ഭംഗിയുള്ളതാകാം. എന്നാൽ ഉള്ളിൽ മാരകവിഷം!

സ്നേഹിതാ, നിങ്ങൾ യേശുവിലാകുന്നുവെങ്കിൽ നിങ്ങളുടെ ഫലം മറ്റുള്ളവർക്ക് ആവശ്യമായിത്തീരും. പുറമെയുള്ള നിങ്ങളുടെ ഇലയും പച്ചപ്പും ഫലത്തിന്റെ നിറവും ഒക്കെ കണ്ട് ആകൃഷ്ടരായി ഫലത്തിനായി കാംക്ഷിക്കുമ്പോൾ നിങ്ങൾ പുറപ്പെടുവിക്കുന്ന ഫലം വിഷമുള്ളതാണെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം?

നിങ്ങൾ യേശുവിൽ വസിക്കുന്നുവെങ്കിൽ ധാരാളം ഫലം കായ്ക്കും. അതു മറ്റുള്ളവർക്ക് ആശ്വാസമാകും. നല്ല ഫലം കായ്ക്കുന്ന വൃക്ഷങ്ങൾക്ക് ധാരാളം ഏറ് കൊള്ളേണ്ടിവന്നേക്കാം. പക്ഷേ, എത്ര ഏറുകൊണ്ടാലും, ശിഖരങ്ങളിൽ പരിക്കുകൾ പറ്റിയെന്നു വന്നാലും നിങ്ങൾ കൊടുക്കുന്ന നല്ല ഫലം മറ്റുള്ളവർക്ക് ആശ്വാസത്തിന് കാരണമായിത്തീരും. ഒരുപക്ഷേ നിങ്ങൾ ലോകത്തിൽ നിന്നു മാറ്റപ്പെട്ടാലും നിങ്ങളുടെ നല്ല ഫലം അനുഭവിച്ചവർ, ആസ്വദിച്ചവർ നിങ്ങളെ മറക്കില്ല. യേശുവിൽ വസിച്ച് നല്ല ഫലം പുറപ്പെടുവിക്കുന്നവരായിത്തീരുവാൻ കർത്താവ് നിങ്ങളെ സഹായിക്കട്ടെ.

## അപ്കോൺ വോയിസ് ഗ്രൂപ്പ് ബൈബിൾ ക്വിസ് ജൂലൈ മാസത്തെ വിജയിയെ തിരഞ്ഞെടുത്തു



ലിജോ അറോക്കി

**അബുദാബി** • ജൂലൈ മാസം നടന്ന അപ്കോൺ വോയിസ് ഗ്രൂപ്പ്ബൈബിൾ ക്വിസിൽ ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നും നൂറുകണക്കിനാളുകൾ പങ്കെടുത്തു. അവരിൽ നിന്നും എല്ലാം ചോദ്യങ്ങൾക്കും ശരിയുത്തരം അയച്ചവർ ഡെയ്സി തോമസ് (ഹൈദരാബാദ്), ജെസ്സി സാം (അബുദാബി), ജോവിൻ ജോൺ (നിലമ്പൂർ) ജോൺ കെ. പോൾ (അബുദാബി), ജോമോൻ ഐപ്പ് (അബുദാബി), ലിസി സാമുവേൽ (കുളനട), ലിൻസി തോമസ് (അബുദാബി), ലിജോ അറോക്കി (തിരുവനന്തപുരം), സിബി ഷാജി (ഷാർജ), സോളി ജോൺ (അബുദാബി), ഷാജി വർഗീസ് (ഷാർജ), സൂസൻ എബ്രഹാം (അബുദാബി), ഷൈനി ജോൺ (അബുദാബി), ടിൻസി തോമസ് (അബുദാബി).

ഇവരിൽ ജൂലൈ മാസത്തെ വിജയി ആയി ലിജോ അറോക്കി തിരുവനന്തപുരം തിരഞ്ഞെടുക്കപ്പെട്ടു. അപ്കോൺ ബൈബിൾ ക്വിസിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകാൽ വിജയികൾക്കും അപ്കോൺ വോയ്സിന്റെ അഭിനന്ദനങ്ങൾ. അപ്കോൺ വോയിസ് ഗ്രൂപ്പ് ബൈബിൾ ക്വിസ് ഓഗസ്റ്റ് മാസത്തിൽ ഉണ്ടായിരിക്കുന്നതല്ല. സെപ്റ്റംബർ മാസം മുതൽ വീണ്ടും ബൈബിൾ ക്വിസ് ആരംഭിക്കുന്നതാണ്.







## APCCON VOICE EDITORIAL BOARD

**Advisory Board:**
Pr. Benny P. John
Pr. Jacob Samuel
Br. Sam Zachariah Eapen

**Cheif Editor:**
Br. Johncy Kadammanitta

**Editors:**
Pr. M.J. Dominic
Br. Renu Alex

**Circulation Manager:**
Br. Sabu

**Area Coordinators:**
Br. Lenin
Br. M.J. Baiju
Br. Renju Moses
Br. Joyal
Br. Blesson G. Sam
Br. Vinod
Br. Samkutty Yohannan
Br. Antony
Br. Shinu John
Br. Justin
Br. Ashosh Philip

Design & Layout
vbabykylm@gmail.com


## എഴുത്തുകാരുടെ ശ്രദ്ധയ്ക്ക്

അപ്കോൺ വോയ്സിൽ ലേഖനങ്ങളും മറ്റിതര പംക്തികളും എഴുതുന്നവർ A4 പേപ്പറിൽ ഒന്നരപ്പേജിൽ കവിയാതെ എഴുതി അയച്ചുതരിക. ലേഖനങ്ങളിലെ ആശയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കു മാത്രമായിരിക്കും. നിങ്ങളുടെ ലേഖനങ്ങൾ എല്ലാ മാസവും 30-നു മുമ്പായി അയച്ചുതരേണ്ടതാണ്. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും പ്രാർത്ഥനാവിഷയങ്ങളും APCCON Whatsapp 058- 9239629- ലോ apcconvoice@gmail.com എന്ന mail Id യിലോ അയച്ചുതരാവുന്നതാണ്.

**എഡിറ്റോറിയൽ ബോർഡ്**
അപ്കോൺ വോയ്സ്


# ഐ.പി.സി. സീയോൻ സഭ
## അബുദാബി, മുസഫ

അബുദബിയിലോ മുസഫയിലോ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്നവർക്ക്, ആത്മീയ ആരാധനയിലേക്ക് സ്വാഗതം. വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**OUR REGULAR SERVICE**

Sunday WORSHIP
8 pm to 10 pm BCC G-3

Thursday Meeting
8 pm to 10 pm,

Friday FASTING PRAYER
12 pm to 2.30 pm BCC G-3

*For more information:*
Pr. P.M. Samuel (Sam Koodal) 050 5419678/ 056 2244464
Br. Moncy Varghese (Sec.) 050 8358063/ Br. Jenson Mathew (Trea) 050 8087880



## MATRIMONIAL

Pentecostal parents invite proposals for their daughter (24-10-1988,152cms) B.Tech, spirit filled and God fearing, working in a reputed firm in Dubai from God fearing , spiritually and professionally qualified boys.

**Mobile No.056 - 9319779,050 - 8260887**



**പാസ്റ്റർ ജേക്കബ് ശാമുവേൽ**
**അപ്കോൺ വൈസ് പ്രസിഡന്റ്**



# ഇതു മറ്റൊന്നിനു വേണ്ടി

മനുഷ്യശരീരം ഒരു പ്രതിഭാസമാണ്. ഇന്നും ശാസ്ത്രലോകത്തിനു പൂർണ്ണമായി കീഴടക്കുവാൻ കഴിയാത്ത ഒരു അത്ഭുത പ്രതിഭാസം. ഭയങ്കരവും അതിശയകരവുമായ സൃഷ്ടി.

തിരുവചന വെളിച്ചത്തിൽ നമുക്ക് ഈ ശരീരം തന്നിരിക്കുന്നതിനു പിന്നിൽ ദൈവത്തിനു പല ഉദ്ദേശ്യങ്ങളുണ്ട്.

റോമാ ലേഖനത്തിൽ വിശുദ്ധ പൗലൊസ് ശ്ലീഹ അതു നമുക്കു വ്യക്തമാക്കിത്തരുന്നു. പഴയനിയമത്തിൽ മൃഗങ്ങളെയും പക്ഷികളെയും മറ്റും യാഗവസ്തുക്കളായി ദൈവം സ്വീകരിച്ചപ്പോൾ പുതിയനിയമത്തിൽ അവയ്ക്കു പകരം യാഗവസ്തുവായി ആവശ്യപ്പെടുന്നത് നമ്മുടെ ശരീരത്തെയാണ്. Present your bodies a living sacrifice. അഥവാ ഒരു ലൈവ് സാക്രിഫൈസ് (live sacrifice).

'ലൈവ്' എന്ന വാക്ക് ഈ കാലഘട്ടത്തിൽ നമുക്കു സുപരിചിതമാണല്ലോ. നടന്നുകൊണ്ടിരിക്കുന്ന അഥവാ തത്സമയം എന്നർത്ഥം. റിക്കോർഡഡ് സ്പോർട്ട്സും ന്യൂസും ഒക്കെ കാണുന്നതിനേക്കാൾ ലൈവ് കാണുവാൻ നാം ഇഷ്ടപ്പെടുന്നതു പോലെ നമ്മുടെ ശരീരത്തെ ലൈവ് യാഗം ആക്കി മാറ്റുവാൻ പരിശുദ്ധാത്മാവ് ആവശ്യപ്പെടുന്നു. അതാണ് ദൈവത്തിനിഷ്ടം.

യാഗ കാർമ്മികനോട് തിരികെ പ്രതികരിക്കാത്ത ഒരു മൃഗത്തെപ്പോലെ, ഒരു പക്ഷിയെപ്പോലെ ദൈവത്തിനു പ്രസാദമുള്ള ജീവിക്കുന്ന ഒരു യാഗമായിത്തീരുവാൻ ദൈവം ആഗ്രഹിക്കുന്നു. യാഗത്തിനായി പുതിയനിയമ വിശ്വാസികൾക്കുള്ള ഏകയാ ഗവസ്തുവാണ് നമ്മുടെ ശരീരം. അതുകൊണ്ടു തന്നെ ശരീരം വിശുദ്ധമായിരിക്കണം. ദൈവത്തിനു പ്രസാദമുള്ള വസ്തുവായി കരുതി അതിനെ സൂക്ഷിക്കണം.

അതിന്റെ നിറമോ നീളമോ വൈകല്യമോ രോഗാതുരമോ മറ്റു യാതൊരു ഘടകങ്ങളും ദൈവം നോക്കുന്നില്ല. അതിൽ വിശുദ്ധിയുണ്ടോ, ശുദ്ധമാണോ, തനിക്കു പ്രസാദിക്കുവാൻ തക്ക ഘടകങ്ങളതിലുണ്ടോ, അതുമാത്രമാണ് ദൈവത്തിന്റെ നിരീക്ഷണം.

വർഷങ്ങൾ പിന്നിടുന്തോറും പുതുമ അഥവാ Freshness നഷ്ടപ്പെടുന്ന അവസ്ഥ ശരീരത്തിനുണ്ട്. കണ്ണാടിയുടെ മുമ്പിൽ നിൽക്കുമ്പോൾ നമുക്കു തന്നെ സന്ദേശങ്ങൾ അഥവാ മുന്നറിയിപ്പു തരുന്ന പല ഘടകങ്ങൾ.

സ്വാഭാവികമായും ഉണ്ടായിരുന്ന തലമുടിയുടെ കറുപ്പു നിറത്തിനിടയിൽ വെള്ളമുടികൾ കയറുമ്പോൾ ശരീരം തരുന്ന സന്ദേശം അതിൽ ഒന്നുമാത്രം. നമ്മുടെ കണ്ണാടിയിലെ പ്രതിബിംബം നമ്മോടു പറയുന്നു, സഹോദരാ, സഹോദരീ, താങ്കൾ ഇപ്പോൾ പഴയ ആളല്ല; പക്വതയ്ക്കു സമയമായിരിക്കുന്നു. ഇനി പഴയതുപോലെ സംസാരിക്കാൻ പാടില്ല, പ്രതികരിക്കാൻ പാടില്ല. പലതിലും നിയന്ത്രണം അല്ലെങ്കിൽ സംയമനം പാലിക്കേണ്ട സമയമായി. നോട്ടത്തിലും ഭാവത്തിലും ചിന്തയിലും നടപ്പിലും ജീവിതത്തിലും എല്ലാം ആവശ്യമായിരിക്കുന്ന സംയമനം.

എന്നാൽ പലപ്പോഴും നാം ഇത്തരം സന്ദേശങ്ങളെ അവഗണിക്കുകയാണ് പതിവ്. കോടതി വിധിയെ മറികടക്കാൻ നിയമം പാസ്സാക്കുന്നതുപോലെ ശരീരം തരുന്ന സന്ദേശങ്ങളെ മറികടക്കുവാൻ നാം പല വഴികൾ തേടുന്നു. അങ്ങനെ ശരീരത്തെ പുതുക്കി അഥവാ ഫ്രഷ് ആക്കി സൂക്ഷിക്കുന്നു.

എന്നാൽ ദൈവവചനം എന്താണ് പറയുന്നത്? ഈ ലോകത്തിന് അനുരൂപമാകാതെ, നന്മ എന്താണ്; നമ്മെപ്പറ്റിയുള്ള 'പെർഫെക്റ്റ്' ആയ ദൈവഹിതം എന്താണ് എന്നൊക്കെ അറിയുവാൻ പുതുക്കേണ്ടത് ശരീരത്തെ അല്ല, പിന്നെയോ മനസ്സിനെയാണ്. ശരീരം 'ഫ്രഷ്' ആക്കി സൂക്ഷിക്കുന്നതാണ് നമുക്കും നമ്മെ കാണുന്നവർക്കും ഇമ്പകരം. ഒരു പരിധി വരെ അതാവശ്യവുമാണ്. എന്നാൽ മനസ്സ് പുതുക്കാതെ ജീവിതത്തിൽ രൂപാന്തരം നടക്കില്ല. ശരീര പുതുക്കൽ അല്ല, മനസ്സ് പുതുക്കലാണ് അത്യാവശ്യം. ഇല്ലെങ്കിൽ ആത്മീയജീവിതം പരാജയപ്പെടും.

മനസ്സ് എന്നു പറഞ്ഞാൽ ചിന്താമണ്ഡലം എന്നർത്ഥം. അനാവശ്യ ദുഷ്ടചിന്തകൾ ഒക്കെ ഡിലീറ്റ് ചെയ്യാം. ശരീരത്തെക്കാൾ മനസ്സിനെ നമുക്കു റിഫ്രഷ് ചെയ്യാം. അങ്ങനെ നമുക്ക് മനസ്സ് പുതുക്കി രൂപാന്തരപ്പെടാം. ഇടയ്ക്കിടെ ഇവിടെ രൂപാന്തരപ്പെടാതെ അന്ത്യകാഹളനാദത്തിങ്കൽ നാം രൂപാന്തരപ്പെടുകയില്ല. ദൈവം തന്ന ശരീരം കൊണ്ട് ദൂതതുല്യമായ ഒരു പുതിയ ശരീരം നേടുവാനായി നമുക്കൊരുങ്ങാം. അതിനുവേണ്ടിയാണ് ഇപ്പോൾ ഈ ശരീരം നമുക്കു തന്നിരിക്കുന്നതെന്ന് അറിയുക.

## സിഗ്നലുകൾ അവഗണിക്കരുത്...

നൽകിയിട്ടുണ്ട്. അനുസരിക്കുവാൻ തയ്യാറാകുന്നവർക്ക് അനുഗ്രഹവും മുന്നറിയിപ്പുകളെ അവഗണിക്കുന്നവർക്കു തകർച്ചയും ഉണ്ടാകുമെന്നതിന് തർക്കമില്ല.

ഒരു കാലത്ത് ദൈവതേജസ്സ് ഇറങ്ങി വസിച്ചിരുന്ന ഇടം - യെരുശലേം ദേവാലയം ഇന്നു ശൂന്യമായിരിക്കുന്നു. അതിന്റെ മതിലുകൾ ഇടിഞ്ഞു കിടക്കുന്നു. വലിയ ദൈവപ്രവൃത്തി കണ്ട പല സ്ഥലങ്ങളും ഇന്നു ശൂന്യമായിക്കിടക്കുന്നു.

ഈ അവസ്ഥ കണ്ടു നിലവിളിക്കുവാൻ, കുറെനാൾ ദുഃഖിച്ചു കരയുവാൻ ദൈവസഭയിൽ നെഹമ്യാവുമാർ എഴുന്നേൽക്കേണ്ടിയിരിക്കുന്നു. ശുഷ്കമായ ആരാധനകൾ, തളർന്നതും തളർത്തുന്നതുമായ പ്രസംഗങ്ങൾ, ചടങ്ങായി തീർന്നുകൊണ്ടിരിക്കുന്ന കൂട്ടായ്മ യോഗങ്ങൾ. ഇതിന്റെയിടയിൽ ബലഹീനപ്പെട്ട് നട്ടംതിരിയുന്ന കുറെ ബലഹീന വിശ്വാസികൾ! അസ്ഥികൾ കൊണ്ട് ഈ താഴ്വര നിറഞ്ഞിരിക്കുന്നു. ഒരിക്കൽ ഈ അസ്ഥികൾക്കു ജീവനുണ്ടായിരുന്നു. ഇപ്പോൾ അവ ചാവാറായ ശേഷിപ്പു മാത്രം. ജീവൻ ഉണ്ടെന്നു പേരുണ്ടെങ്കിലും മരിച്ചവനായിരിക്കുന്നു.

ദൈവവചനത്തിലെ സിഗ്നലുകളെ അവഗണിച്ചുള്ള യാത്ര... ദുരുപദേശങ്ങളുടെ കടന്നുകയറ്റം, കള്ളപ്രവാചകന്മാരുടെ കുത്തഴിഞ്ഞ വിളയാട്ടം, സാമ്പത്തിക നന്മ മാത്രം ലക്ഷ്യമാക്കി ആത്മീയത വിറ്റ് നന്മ കൊയ്യുന്നവർ, തലമുറകളുടെ വഴിതെറ്റിയുള്ളയാത്ര. ഇന്റർനെറ്റ് - സോഷ്യൽ മീഡിയാകളുടെ സ്വാധീനമാണ് പലരെയും നിയന്ത്രിക്കുന്നത്.

അമേരിക്കൻ മുൻ പ്രസിഡന്റായിരുന്ന ഒബാമ ഇലക്ഷനു നിൽക്കുന്ന സമയത്ത് അമേരിക്കൻ യുവതലമുറകളോട്, സമൂഹത്തോടു പറഞ്ഞ ഒരു വാക്ക് ഇതാണ്: "We believe in change"

അതാണ് അവിടെയുള്ള സമൂഹം, വിശേഷാൽ ചെറുപ്പക്കാർ അദ്ദേഹത്തെ തിരഞ്ഞെടുക്കുവാൻ കാരണമായത്. മാറ്റങ്ങൾക്കു വേണ്ടി പ്രായവ്യത്യാസമെന്യേ ജനങ്ങൾ പരക്കംപായുന്നു. പുതുമ തേടി ജനങ്ങൾ തിരക്കു കൂട്ടുന്നു. മാറ്റമുള്ളിടത്ത് ജനങ്ങൾ ഓടിക്കൂടുന്നു. ഈ പരക്കംപാച്ചിലിനിടയിൽ അപകടത്തിന്റെ പതിയിരുപ്പുകൾ മനസ്സിലാക്കാതെ പോയേക്കാം. പെട്ടെന്ന് കൈവശമാക്കുവാനോ കാണുവാനോ ഉള്ള തിരക്കിൽ സിഗ്നലുകൾ ശ്രദ്ധിക്കാതെ വന്നേക്കാം. അതു വലിയ അപകടത്തിൽ ചെന്നു പെട്ടേക്കാം. ദൈവവചനത്തിലെ സിഗ്നലുകളെ അവഗണിക്കരുത്. ആത്മീയജീവിതത്തിലേക്കു കർത്താവ് നമ്മെ കരംപിടിച്ചു നയിച്ചത് തകരുവാനല്ല. ഉദ്ദിഷ്ട തുറമുഖത്ത് എത്തിച്ചേരുവാനാണ്.

ദൃഷ്ടിവച്ച് ആലോചന പറഞ്ഞു തരുന്ന ദൈവം നമ്മോടു കൂടെയുണ്ട്. കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. ദാവീദിന്റെ ജീവിതയാത്രയുടെ അനുഭവം നമ്മുടെയും അനുഭവമായിത്തീരട്ടെ.




**CARMEL IPC**
**MUSSAFAH, ABU DHABI**

**അബുദാബിയിൽ ജോലിക്കും സന്ദർശനത്തിനും വരുന്നവർക്കായി അനുഗ്രഹീതമായ ആരാധനാ സൗകര്യം**

**ആരാധന**
എല്ലാ വ്യാഴാഴ്ചയും വൈകിട്ട്
7:45 PM - 10:15 PM വരെ
മുസഫ ബ്രദറൺ ചർച്ച് സെന്റർ
G2 ഹാളിൽ

**ഉപവാസ പ്രാർത്ഥനയും ആരാധനയും**
എല്ലാ വെള്ളിയാഴ്ചയും രാവിലെ
9:45 AM - 12:15 PM വരെ
മുസഫ ബ്രദറൺ ചർച്ച് സെന്റർ
G4 ഹാളിൽ



പാ. ജോജി ജോൺസൺ നേതൃത്വം നൽകുന്നു.

Every 4th Friday 9:45 am to 12:00 pm ENGLISH WORSHIP & PYPA

ഈ അനുഗ്രഹീത മീറ്റിംഗുകളിലേക്ക് നിങ്ങളെ ഏവരേയും സ്വാഗതം ചെയ്യുന്നു

യാത്രാ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

For more details please contact: Senior Pastor M.M. Thomas (Joy) +971 543032343
Pr. Joji Johnson +971 503107651/ Eva. Jeswin M. Thomas +971 556995909

www.carmelipc.com carmelipcabudhabi carmelipcmussafah@gmail.com


# A woman who fears the Lord is to be praised...



Solly Vinod
Abu Dhabi

Even though God's name is never mentioned in the book of Esther, His divine fingerprints are all over it. When her parents died, the orphaned child was adopted and raised by her older cousin, Mordecai. Esther as depicted in the Bible, was a pious woman who demonstrated faith, mercy and courage.

When the former queen - Vashti fell into disfavor with her husband, Ahasuerus, the king chose Esther to be his wife and queen. Haman became second in command in the empire, he demanded that everyone bow down to him. Everyone did, except Mordecai. This so incensed Haman and decided that all the Jews in the country should be destroyed. Mordecai says-"For if you remain completely silent at this time, relief and deliverance will arise for the Jews from another place, but you and your father`s house will perish. Yet who knows whether you have come to the kingdom for such a time as this?" (Esther 4:14). Mordecai was completely confident that somehow, God would take care of the Jews, based on His promises. He says God will deliver them eventually, even if not through Esther. What lesson can we learn from the Book of Esther :



**1. God has a plan for our lives:-** Esther was placed in a royal position to assist in the delivery of God's divine plan. God also has a higher purpose for each of us. Watch how Esther responded(Esther 5:1). How will you respond to God's call as He places you in a specific situation for His purpose?

**2. We must stand with courage:-**"And so I will go to the king, which is against the law; and if I perish, I perish!". Esther was willing to die to save her people (Esther-4:16). Esther saved a nation. Her obedience saved God's people from destruction. The best thing about having courage is knowing that you will never stand alone.

**3. Fasting:-**"Go, gather all Jews who are present in Shushan, and fast for me; neither eat nor drink for three days, night or day"(Esther-4:16). The book of Esther reveals that fasting and to be with God can change the course of an entire nation.

Esther was an outstanding example of serving others, even under the most stressful circumstances. God places each one of us in different places, if we devote our lives and talents to Him, we will play an indispensable role in His great plan of salvation.





# Love is being choked



Tittu Koshy (Shaun)
Abu Dhabi

We know that Pentecostal Charismatic Churches has brought prominent spiritual impact in the past decades throughout the world which is also very true about Churches in the UAE also. Unfortunately, these days we evidently notice a drastic and saddening spiritual decline around the world. The reason for this negative change we witness is because Love is being choked.

What do I exactly mean by this I will explain it.

There is an abundance of exposure to God's word in Pentecostal Churches. We hear numerous sermons throughout the week. Advancement of technology has given us access to Christian sermons at our fingertips. We all know that God's word has tremendous dynamic power to change hearts. But it is really saddening to see Pentecostal families being shattered, Pentecostal youths going wayward, divisions and backbiting in our churches increasingly and many ungodly things. These days we witness very less spiritual impact created by the Pentecostal if assessed truthfully. Even after the abundance of preaching and teaching of God's word we don't see a result as intended.

All this is because Love is being choked. It is a truth the Holy Spirit inspired me from God's word. As I was reading the parable of the sower in the Synoptic Gospels (Mt 13:1-20, Mrk 4:1-20, Lk 8:1-15) I realized that the problem is not with the sermon (God's Word) but with the condition of the heart. The third type of soil reveals the condition of the hearts of the majority of Pentecostal Christians. Most of us fall into this category. This is the thorny place where the seed (Word of God) fell but the thorns choked the fruit or the plant. The seed has the potential to bear fruit if fallen in right place. That is if condition of heart is appropriate. According to the Bible, Fruit that Word of God and the Holy Spirit produces is love. Fruit is Love. Every other virtue comes out of Love (Colossians 3:14). It is not 'fruits' (plural) of the Spirit rather it is 'fruit' (singular) of the Spirit in Galatians 5:22. Rest all virtue spring out of love and love binds them all in perfect unity.

Jesus interpreted the thorns as worries of this Life, the deceitfulness of wealth and the desires for other things. These are elements that choke the seed. One translation says the attractions of this world and the delights of wealth, and the search for success and lure of nice things come in and crowd out God's message from their hearts so that no crop is produced. Most of us are after all this even ministers today. Nutshell this is selfishness or selfish ambition. Such condition of the heart hinders the powerful word of God to work inside our hearts. It's an undeniable reality that today's generation of Pentecostal Christians around the world has become really selfish. Most of us are after the attractions and patterns of this world. This is the major reason why most don't grow in the Love of God. Since God's word that can produce Love is being choked by the condition of the hearts, people grow cold in Love for God and Love for each other. Nowadays we see very less difference between world and Pentecostals. It was not like that before. We have abundance of preachers, teachers, gifted and talented ones but very few who truly portray the Love of God.


Brothers and sisters, it's high time. Get rid of all selfish ambition we nurture in our hearts and prepare our hearts to receive the powerful word of God into our Hearts. In this way we will not let love be choked rather we all will grow together in love. Jesus said when we love each other the world will say that we are his disciples. It's the time to time to impact the world for Jesus and it can only be done when we all get rid of selfishness and let God's word empower us to love God and each other following the footsteps of Jesus.

God Bless us all richly.

ARTICLE

# യാത്രക്കാരുടെ ശ്രദ്ധയ്ക്ക്:

## മരുഭൂമിയാണ് സൂക്ഷിച്ചു പോകുക



മാത്യു പാലത്തുങ്കൽ

ചെങ്കടൽ തീരം മുതൽ യോർദ്ദാന്റെ കിഴക്കെ കര വരെ എത്തുന്ന അതിവിശാല ഭൂപ്രദേശം. ഏറെയും മരുഭൂമി. മനുഷ്യ പാദസ്പർശമേൽക്കാത്ത വിജനഭൂമി. യിസ്രായേൽ ജനം യാത്ര ചെയ്ത വഴിയിലൂടെ ഒന്നു തിരിച്ചു നടന്നാൽ എണ്ണമറ്റ ശവശരീരങ്ങൾ കാണാം. ആയിരമോ പതിനായിരമോ അല്ല; മുപ്പതു ലക്ഷത്തിലധികം മൃതദേഹങ്ങൾ. വ്യത്യസ്ത കാരണങ്ങളാണ് അവരുടെ മരണത്തിനു പിന്നിലുള്ളത്. സർപ്പദംശനം, പകർച്ചവ്യാധികൾ, ശത്രുവിന്റെ ആക്രമണം, പ്രകൃതിക്ഷോഭം, ഇടിമിന്നൽ, ഭക്ഷ്യവിഷബാധ എന്നിവയാണ് അവരെ കൊന്നൊടുക്കിയത്.

ഇത്ര കഠിനശിക്ഷയാൽ ഇത്രയധികം ജനം കൊല്ലപ്പെടുക! ഇത്രമാത്രം ശാപഗ്രസ്തരായ ഒരു ജനതതിയോ? സഹായത്തിന് ആരുമില്ലാതെ, അനാഥരായി, മരുഭൂമിയിൽ ദിക്കറിയാതെ, കൊടുംചൂടിൽ ചുട്ടുപൊള്ളി അവർ മരിച്ചുവീണു എന്നു കരുതിയെങ്കിൽ നിങ്ങൾക്കു തെറ്റി. അവർ അങ്ങനെ മരിച്ചവരല്ല. ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വശക്തനായ ദൈവത്തിന്റെ സ്വന്തജനമാണ് ഈ മരുഭൂമിയിൽ പട്ടുപോയത്. ലോകം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ശക്തനായ ജനനേതാവായ മോശെയുടെ നേതൃത്വത്തിൽ യാത്രചെയ്ത ജനമാണ് ഇങ്ങനെ ശവങ്ങളായി കിടക്കുന്നത്. മരുഭൂമിയിലെ കൊടുംചൂടിൽ നിന്നും സംരക്ഷണത്തിനായി മുകളിൽ മേഘവിരിപ്പും രാത്രിയിലെ കൊടുംതണുപ്പിൽ നിന്നുള്ള സംരക്ഷണത്തിനും വെളിച്ചത്തിനുമായി അഗ്നിസ്തംഭവും ദൈവാനുഗ്രഹമായി ലഭിച്ച ജനമായിരുന്നു അവർ. പാറയിൽ നിന്നുള്ള വെള്ളവും പുൽക്കൊടി പോലും വളരാത്ത മണലിൽ അപ്പവും പ്രദാനം ചെയ്ത് അത്ഭുതകരമായി പോഷിപ്പിക്കപ്പെട്ട ജനം. അവർക്കു ലഭിച്ച അനുഗ്രഹങ്ങളുടെ കണക്കെടുത്താൽ നാം അത്ഭുതപ്പെട്ടു പോകും. എന്നിട്ടും അവർ ലക്ഷ്യത്തിലെത്തിയില്ല. എന്തുകൊണ്ട്?

1 കൊരിന്ത്യർ 10:1-11 വാക്യങ്ങളിൽ അപ്പൊസ്തലനായ പൗലൊസ് ഈ വിഷയം വിശകലനം ചെയ്തിരിക്കുന്നു.

അവർ എല്ലാവരും - സ്നാനം ഏറ്റു. ആത്മികാഹാരം കഴിച്ചു. ആത്മിക പാനീയം കുടിച്ചു, ദൈവത്താൽ അനുഗമിക്കപ്പെട്ടു.

ഇത്രയും അനുഗ്രഹങ്ങൾ പ്രാപിച്ച മറ്റൊരു ജനതയും ലോകത്തുണ്ടായിട്ടില്ല. പക്ഷേ, മിക്കപേരിലും ദൈവം പ്രസാദിച്ചില്ല. അവരെ മരുഭൂമിയിൽ തള്ളിയിട്ടു കളഞ്ഞു. കാരണം അവരുടെ ദുർമ്മോഹം, വിഗ്രഹാരാധന, പരസംഗം, ദൈവത്തെ പരീക്ഷിക്കൽ, പിറുപിറുപ്പ്.

ബാലിനെയും അശേരയെയും കെമോശിനെയും സേവിക്കുന്ന അന്യജാതികളെക്കുറിച്ചുള്ള വിവരണമല്ല ഇത്. സത്യദൈവവിശ്വാസികളും ദിനവും ദൈവീക കല്പനകൾ കേട്ടുകൊണ്ട് യാത്ര ചെയ്തവരുമായ ജനത്തെക്കുറിച്ചാണ് ദൈവാത്മാവ് രേഖപ്പെടുത്തുന്നത്. അത്ഭുതം തോന്നുന്നു, അല്ലേ? അത്ഭുതപ്പെടേണ്ട, ഇത് ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നു. പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിക്കുക: ''ഇതു നമുക്കു ദൃഷ്ടാന്തമായി സംഭവിച്ചു; അവർ മോഹിച്ചതുപോലെ നാമും ദുർമ്മോഹികൾ ആകാതിരിക്കേണ്ടതിനു തന്നേ''(10:6).

എല്ലാക്കാലത്തുമുള്ള സ്വർഗ്ഗീയ യാത്രക്കാരെ പരാജയത്തിലേക്കു തള്ളിയിട്ടിട്ടുള്ളത് ഈ പരാജയങ്ങളാണ്. ശത്രുവിന്റെ നേരിട്ടുള്ള ശക്തമായ ആക്രമണങ്ങളെ അവർ അതിജീവിക്കും. എന്നാൽ സാത്താന്റെ തന്ത്രപരമായ നീക്കങ്ങളെ അതിജീവിക്കാൻ അവർക്കു കഴിയുന്നില്ല. ദുർമ്മോഹം, വിഗ്രഹാരാധന, പരസംഗം, പിറുപിറുപ്പ് എന്നിങ്ങനെ ദൈവം യിസ്രായേലിന്റെ മേൽ ചുമത്തിയ പാപങ്ങൾ വിലയിരുത്തിയാൽ ഇക്കാര്യം നമുക്കു ബോധ്യപ്പെടും.

പെന്തെക്കോസ്തു വിശ്വാസികളുടെ ഇടയിൽ ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങളുടെ കാരണങ്ങൾ കണ്ടെത്തുവാൻ മറ്റെങ്ങും പോകേണ്ടതില്ല. യിസ്രായേലിന്റെ ചരിത്രം പരിശോധിച്ചാൽ മതിയാകും. എന്തൊക്കെയാണവ?

### 1. ലക്ഷ്യത്തിൽ നിന്നും ശ്രദ്ധ തിരിക്കുന്നു.

യാത്രയിലുണ്ടായ പ്രശ്നങ്ങളെ ലക്ഷ്യത്തോടു ചേർത്തു ചിന്തിക്കുവാൻ അവർക്കു കഴിഞ്ഞില്ല. ഭക്ഷണപ്രശ്നം, കുടിവെള്ള പ്രശ്നം എന്നിവ പരിഹരിക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നവർ തെറ്റിദ്ധരിച്ചു. കനാൻ നാട് എന്ന ലക്ഷ്യം അവർ മുമ്പിൽ വെച്ചിരുന്നുവെങ്കിൽ അതിനു തടസ്സമാകുന്ന യാതൊന്നിനും അവർ ശ്രദ്ധ കൊടുക്കുമായിരുന്നില്ല. ''എനിക്കു കനാൻ നാട്ടിലെത്തണം'' എന്ന ചിന്ത ഒരു സന്ദർഭത്തിൽ പോലും അവരിൽ ഉണർന്നില്ല. ”മിസ്രയീമിലേക്കു മടങ്ങണം” എന്ന ചിന്ത ഉണ്ടായിരുന്നുതാനും (പുറ.14:12; 16:3; സംഖ്യ. 14:4).

ഇന്നത്തെ സ്ഥിതിയും ഇതിൽ നിന്നും വ്യത്യസ്തമാണെന്നു തോന്നുന്നില്ല. സ്വർഗ്ഗത്തിലെത്തുക എന്ന ലക്ഷ്യം വഴിയിലെവിടെയോ നാം ഉപേക്ഷിച്ചുകളഞ്ഞു. സ്വർഗ്ഗീയ പൗരന്മാർക്ക് ഇവിടെ കഷ്ടതയും പീഡനവും ഉണ്ടാകുമെന്നു ദൈവവചനം ഉറപ്പായി പറഞ്ഞിട്ടും പീഡനം ഇല്ലാതാക്കുവാനുള്ള ശ്രമത്തിന് നമ്മുടെ സമയം വൃഥാ ചെലവഴിക്കുന്നു. നിത്യജീവനാണ് നമ്മുടെ ലക്ഷ്യമെങ്കിൽ ഇവിടുത്തെ അല്പ സുരക്ഷിതത്വത്തിനായി നാം ശ്രമിക്കുമോ?

### 2. കല്പനകൾ ലംഘിക്കപ്പെടുന്നു.

ലക്ഷ്യബോധം നഷ്ടപ്പെടുന്നതോടു കൂടി അതിനു സഹായകമായ വിശുദ്ധ ജീവിതത്തിനു പ്രസക്തിയില്ലാതാകുന്നു. നിയമങ്ങൾ കാറ്റിൽ പറത്തപ്പെടുന്നു. കോരഹ്, ദാഥാൻ, അബീരാം എന്നിവർ മോശെയുടെ നേതൃത്വത്തോടാണ് എതിർത്തതെങ്കിലും ഫലത്തിൽ ദൈവകല്പനകളെ ലംഘിക്കുകയാണ് ചെയ്തത് (സംഖ്യ. 16). അവർ ദൈവശിക്ഷയ്ക്കു വിധേയരായി എന്നതു ശരിയാണെങ്കിലും അനേകർ അവരോടൊപ്പം നശിക്കുവാൻ കാരണമായി(സംഖ്യ. 16:49). എങ്ങനെയെങ്കിലും കനാനിലെത്തണം എന്ന ചിന്തയെക്കാൾ, ഭരണസ്ഥാനത്തെത്തുന്നതിനുള്ള വ്യാമോഹമാണ് അവരെ ഭരിച്ചത്. കോരഹും ദാഥാനും അബീരാമും സഭാപ്രമാണികളായിരുന്നു (സംഖ്യ. 16:1,2). നേതൃസ്ഥാനങ്ങൾക്കു വേണ്ടി ദൈവകല്പനകളെ ലംഘിക്കുന്നവർ അവർക്കു തന്നെയും മറ്റനേകർക്കും നാശംവരുത്തും.

ശേഷം പേജ് 6-ൽ

BETHEL CHURCH OF GOD

അബുദാബിയിലും മുസഫായിലും
നിങ്ങൾക്കായി ആരാധനാ സൗകര്യം ഒരുക്കുന്നു...

അബുദാബിയിൽ:

എല്ലാ വെള്ളിയാഴ്ചകളിലും
രാവിലെ 7.30 മുതൽ 10.00 വരെ
Mar Thoma Church Lower Chapel

എല്ലാ ശനിയാഴ്ചകളിലും
രാത്രി 8.00 മുതൽ 10.00 വരെ
St. Andrews Church Chapel

എല്ലാ ചൊവ്വാഴ്ചകളിലും
രാത്രി 8.00 മുതൽ 10.00 വരെ
St. Andrews Church Hall # 101

Bethel Youth Movement (BYM)
യൂത്ത് മീറ്റിംഗ്
3-ാം വെള്ളിയാഴ്ചകളിൽ
രാവിലെ 7.30 മുതൽ 9.00 വരെ

മുസഫായിൽ:

എല്ലാ വെള്ളിയാഴ്ചകളിലും
വൈകിട്ട് 5.30 മുതൽ 7.30 വരെ
Brethren Church Hall # G4

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

Pr. Benny P. John - 050 7900633
Pr. George Rajan - 050 5467364
Evg. Aju T. Thomas - 055 2002551
Email: bethelabudhabi@gmail.com

അബുദാബിയിൽ നിന്നും
മുസഫായിൽ നിന്നും
വാഹന സൗകര്യം നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നു.

# PCNAK 37–ാമത് കോൺഫ്രൻസ് അനുഗ്രഹപ്രാർത്ഥനയ്ക്കു തുടക്കം

**ഫ്ളോറിഡ** • 2019 ജൂലൈ 4 മുതൽ 7 വരെ മയാമിയിൽ നടക്കുന്ന പി.സി. എൻ.എ.കെ 37ാമത് കോൺഫറൻസിന്റെ അനുഗ്രഹത്തിനായുള്ള പ്രാർത്ഥനയ്ക്ക് ജൂലൈ 29–ന് തുടക്കമായി.

പാസ്റ്റർ കെ.സി.ജോൺ ഫ്ളോറിഡ(നാഷണൽ കൺവീനർ), വിജു തോമസ് ഡാളസ് (നാഷണൽ സെക്രട്ടറി), ബിജു ജോർജ്ജ് കാനഡ (നാഷണൽ ട്രഷറർ), ഇവാ. ഫ്രാങ്ക്ളിൻ ഏബ്രഹാം ഫ്ളോറിഡ (നാഷണൽ യൂത്ത് കോർഡിനേറ്റർ) എന്നിവരടങ്ങുന്ന ഭരണ സമിതിയാണ് 2019–ലെ മയാമി കോൺഫറൻസിനു നേതൃത്വം നല്കുന്നത്.

ലോക പ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രം കൂടിയായ മയാമിയിലെ പ്രശസ്തമായ മയാമി എയർപോർട്ട് കൺവൻഷൻ സെന്ററിനോടനുബന്ധിച്ച ഡബിൾ ട്രീ ഹിൽട്ടൺ ഹോട്ടലിലാണ് കോൺഫ്രൻസ് നടക്കുന്നത്. ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് കൂടുതൽ വിവരങ്ങൾക്ക് www.pcnakmiami.org എന്ന വെബ് അഡ്രസിലൂടെ സന്ദർശിക്കാവുന്നതാണ്. അതാതു സമയത്തെ അറിയിപ്പുകളും വാർത്തകളും ഈ സൈറ്റിൽ നിന്നും ലഭിക്കും.

## യാത്രക്കാരുടെ ശ്രദ്ധയ്ക്ക്; മരുഭൂമിയാണ് സൂക്ഷിച്ചു പോകുക

**3. ഗുരുതരമായ വിപത്തിൽ നിപതിക്കുന്നു.**

പിറുപിറുപ്പ് അത്ര ഗൗരവമുള്ള വിഷയമാണോ? ആണെന്ന് അതിന്റെ ഭവിഷ്യത്തിൽ നിന്നും ബോധ്യപ്പെടും. ദൈവശക്തിയെ നിഷേധിക്കലാണത്. ദൈവത്തെ അവിശ്വസിക്കുന്നതാണത്.

എന്നിട്ടും ദൈവം അവരെ വഹിച്ചു. ദൈവത്തിന്റെ ഉള്ളംകൈയിൽ ഇരുന്നുകൊണ്ട് അവർ അവനെതിരായി പിറുപിറുത്തു. ''‘‘നാല്പത് ആണ്ട് എനിക്ക് ആ തലമുറയോടു നീരസം ഉണ്ടായിരുന്നു’’(സങ്കീ. 95:10) എന്നു ദൈവം പറയുന്നു. ശ്രദ്ധിക്കുക, ദൈവം നീരസപ്പെട്ടിരുന്ന ഈ നാല്പതു വർഷവും അവർക്കു മീതെ സംരക്ഷണത്തിന്റെയും കരുതലിന്റെയും മേഘം ഉണ്ടായിരുന്നു. മന്നയും വെള്ളവും അവർക്കു ലഭിച്ചിരുന്നു. ശത്രുക്കളെ പരാജയപ്പെടുത്താൻ അവർക്കു കഴിഞ്ഞിരുന്നു. ഭൗതിക നന്മകളും ഉന്നമനങ്ങളും ദൈവപ്രസാദത്തിന്റെ അടയാളമായി കരുതുന്നവർ ചിന്തിക്കുക; ദൈവവുമായുള്ള ശരിയായ ബന്ധത്തിലേക്കു മടങ്ങുന്നില്ലെങ്കിൽ ‘നീരസം’ ‘ക്രോധം’ ആകുന്ന സമയം വരുന്നു. (‘‘അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ലെന്നു ഞാൻ എന്റെ ‘ക്രോധത്തിൽ’ സത്യം ചെയ്തു.’’)ക്രോധം ശിക്ഷയ്ക്കുള്ള മുന്നൊരുക്കമാണ്.

ഇന്ന് പെന്തെക്കോസ്തുകാർക്ക് ഭൗതിക നന്മകൾ വേണ്ടുവോളമുണ്ട്. അതു ദൈവത്തിന്റെ വിശ്വസ്തയുടെ ഫലമാണ്. പക്ഷേ, ദൈവവുമായുള്ള നമ്മുടെ ബന്ധം എപ്രകാരമാണ്? ഈ നന്മകൾ അനുഭവിക്കുന്ന നമ്മോടുള്ള ദൈവത്തിന്റെ വികാരം നീരസമാണോ? ‘‘ദൈവത്തിന് എന്നോടു സ്നേഹമാണ്. അതിനു തെളിവാണ് ഞാൻ ഇന്നനുഭവിക്കുന്ന നന്മകൾ’’ എന്നു നിങ്ങൾ പറയുന്നുവെങ്കിൽ മുകളിൽ പറഞ്ഞ വാക്യം ശ്രദ്ധിച്ചു വായിക്കുക.

നിത്യജീവിതത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടാണ് ആത്മിക ജീവിതം അളക്കാനുള്ള മാനദണ്ഡം. അതാണ് മറ്റെന്തിനെക്കാളും നമ്മെ സന്തോഷിപ്പിക്കുന്നതെങ്കിൽ മറ്റൊന്നിനു വേണ്ടിയും നാം സമയം നഷ്ടപ്പെടുത്തുകയില്ല.

ആവേശം കെട്ടടങ്ങിയ വേർപെട്ട സമൂഹങ്ങളാണ് ഇന്നുള്ളത്. എന്തിനാണ് ഇത്ര ആവേശത്തോടെ ഇറങ്ങിത്തിരിച്ചതെന്നു പലർക്കും അറിയില്ല. ലക്ഷ്യബോധം എവിടെയോ കൈമോശം വന്നിരിക്കുന്നു. സ്വർഗ്ഗം യാഥാർത്ഥ്യമാണെന്നു ഘോരഘോരം പ്രസംഗിക്കുന്നവരുടെ ജീവിതം കണ്ടാൽ അവർ അതു വിശ്വസിക്കുന്നില്ല എന്നു തോന്നിപ്പോകും. സ്വർഗ്ഗം ഒരു മിഥ്യയല്ല. യാഥാർത്ഥ്യമാണ്. അതു നഷ്ടപ്പെടുത്തരുത്.

മോശെ പിസ്ഗയുടെ മുകളിൽ കയറി, യഹോവ കല്പിച്ചതുപോലെ കനാൻ നാടു നോക്കിക്കണ്ടു. അവന് അവിടെ പ്രവേശനം ഇല്ല. മതിവരുവോളം ആ നാട് കണ്ടതിനുശേഷം മോശെ തിരിഞ്ഞു പുറകോട്ടു നോക്കി. അങ്ങു ദൂരെ ചെങ്കടൽ ഒരു നീല രേഖ പോലെ കാണാം. അതിനപ്പുറം വിശാലത. മിസ്രയീമും ചുറ്റുമുള്ള ഭൂഭാഗങ്ങളും അവ്യക്തം. എന്നാൽ ചെങ്കടൽ മുതൽ പിസ്ഗാ വരെ മോശെയുടെ കണ്ണുകൾക്കു മുമ്പിൽ നടുക്കുന്ന ഒരു കാഴ്ച അവൻ കണ്ടു. ലക്ഷക്കണക്കിനു മൃതശരീരങ്ങൾ! അവനോടൊപ്പം യാത്ര പുറപ്പെട്ടവർ. അവനു പേരു പറഞ്ഞു വിളിക്കാൻ കഴിയുന്നവർ. ആ ചങ്ങലയുടെ ഇങ്ങേയറ്റത്ത്... മോശെ!

‘‘എങ്കിലും അവരിൽ മിക്കപേരിലും ദൈവം പ്രസാദിച്ചില്ല. അവരെ മരുഭൂമിയിൽ തള്ളിയിട്ടു കളഞ്ഞു എന്നു നിങ്ങൾ അറിയാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു’’ (1 കൊരി.10:5).


# നിത്യതയിൽ

## പി.വി. ചാണ്ടി (ജോയി 80)



**പുത്തൻകാവ്** • അബുദാബി ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ഫുൾ ഗോസ്പൽ സഭാശുശ്രൂഷകൻ പാസ്റ്റർ സാം ബെഞ്ചമിന്റെയും ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ പട്ടം സഭാശുശ്രൂഷകനും, അൺ റീച്ചഡ് പീപ്പിൾ ഗ്രൂപ്പ് ഡയറക്ടറുമായ പാസ്റ്റർ വിനോദ് ജേക്കബിന്റെയും, ചർച്ച് ഓഫ് ഗോഡ് പന്തളം സഭാശുശ്രൂഷകൻ പാസ്റ്റർ ഗോംസൺ ജോർജിന്റെയും ഭാര്യാ പിതാവ് ചെങ്ങന്നൂർ പുത്തൻകാവ് അങ്ങാടിക്കൽ പ്ലാമൂട്ടിൽ പീസ് കോട്ടേജിൽ പി.വി. ചാണ്ടി(ജോയി 80) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം ജൂലൈ 26 വ്യാഴാഴ്ച ഭവനത്തിലെ ശുശ്രൂഷകൾക്കു ശേഷം ഐ.പി.സി. ആറാട്ടുപുഴ സഭാ സെമിത്തേരിയിൽ നടന്നു. ദുഃഖത്തിൽ ആയിരിക്കുന്ന പ്രിയപ്പെട്ടവർക്ക് അപ്കോൺ വോയ്സിന്റെയും അപ്കോൺ ചർച്ചസിന്റെയും ദുഃഖവും പ്രത്യാശയും നേരുന്നു.

## ഡാനിയേൽ (68)



**ആലപ്പുഴ** • ഐ.പി.സി. അബുദാബി മുൻസഭാംഗമായിരുന്ന ആലപ്പുഴ മുതുകുളം കനകക്കുന്നിൽ ഡാനിയേൽ (68) നിത്യതയിൽ പ്രവേശിച്ചു. ബൈക്കിൽ യാത്ര ചെയ്യവേ കാർ തട്ടിയാണ് അപകടം ഉണ്ടായത്. ആലപ്പുഴ വെസ്റ്റ് സെന്ററിലെ ഐ.പി.സി. മുതുകുളം സഭാംഗമാണ്. സംസ്കാരം ഓഗസ്റ്റ് 1 ബുധനാഴ്ച നടന്നു. ദുഃഖത്തിൽ ആയിരിക്കുന്ന പ്രിയപ്പെട്ടവർക്ക് അപ്കോൺ വോയ്സിന്റെയും അപ്കോൺ ചർച്ചസിന്റെയും ദുഃഖവും പ്രത്യാശയും നേരുന്നു.

## റീത്ത ജോൺ (38)



**അബുദാബി** • ദി പെന്തെക്കോസ്തു മിഷൻ അബുദാബി സഭാംഗം റാന്നി നെല്ലിക്കമൺ കണ്ടകുമരത്ത് ജോൺ മാത്യു കുമരത്തിന്റെ ഭാര്യ റീത്ത ജോൺ (38) നിത്യതയിൽ പ്രവേശിച്ചു. അബുദാബിയിൽ മഫ്റഖ് ഹോസ്പിറ്റലിലെ സ്റ്റാഫ് നേഴ്സായിരുന്നു. കഴിഞ്ഞ രണ്ടര മാസമായി സൗഖ്യമില്ലാതെ ചികിത്സയിലായിരുന്നു. ഓഗസ്റ്റ് 4–ന് സെന്റ് ആൻഡ്രൂസ് ചർച്ചിൽ നടന്ന ശുശ്രൂഷകൾക്കു ശേഷം ബനിയാസ് ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ: തിമോത്തി, ബെറ്റിന, ടൈറ്റസ്. ദുഃഖത്തിൽ ആയിരിക്കുന്ന പ്രിയപ്പെട്ടവർക്ക് അപ്കോൺ വോയ്സിന്റെയും അപ്കോൺ ചർച്ചസിന്റെയും ദുഃഖവും പ്രത്യാശയും നേരുന്നു.






THINK Travel NAJM
Just forget your VISA Problems
NEW UAE VISA
30 DAYS
325 AED
90 DAYS
780 AED
Call us:
+971 6 521 21 20
+971 6 521 36 76
UAE's Innovative Tourism Service Provider
For More Details
Mr. Ginu Mathew
0555 252 251 | 056 25 25 221
ginu@najmtours.com | ginuektr@gmail.com
www.najmtours.com
P.O Box:96727 Near Mubarak center Sharjah | UAE
NAJM TOURS

അപ്കോൺ വോയ്സ്
അബുദാബി പെന്റെക്കോസ്റ്റൽ ചർച്ചസ് കോൺഗ്രിഗേഷന്റെ ഔദ്യോഗിക വാർത്താ പത്രിക
വാല്യം 1 ലക്കം 10
ഓഗസ്റ്റ് 2018
അതിവേഗം 25,000 വായനക്കാരിലേക്ക്

പുറം മറുപുറം

സജി നെടുങ്കണ്ടം

# കുമ്പസാരത്തിലെ കുടുക്കും കുരുക്കും



“രുദ്രാക്ഷമാല കഴുത്തിലും മറ്റൊന്നു മനസ്സിലും” എന്ന പഴഞ്ചൊല്ല് കേൾക്കാത്തവരായി ആരും തന്നെ ഉണ്ടാകില്ല. ഈ കുറിപ്പിന്റെ അർത്ഥം ആത്മീയതയുടെ മറവിൽ ജഡത്തിന്റെ മോഹം നിവർത്തിക്കുന്നവർ എന്നാണ്. വിശുദ്ധ ബൈബിളിൽ പുതിയനിയമത്തിൽ ഇതിനോടു യോജിക്കുന്ന ഉത്തമ ഉദാഹരണം യേശു പറഞ്ഞത് ആട്ടിൻതോൽ ധരിച്ച ചെന്നായ എന്നാണ്. ആടുകളുടെ ഇടയിൽ ആടുകളെ തെറ്റിദ്ധരിപ്പിച്ചും ഇടയനെ കളിപ്പിച്ചും ഒരുത്തൻ നടക്കുന്നു. പുറമെ ആടിന്റെ തോൽ ധരിച്ചിരിക്കുന്നു. അകമെ കടിച്ചുകീറുന്ന രക്തദാഹിയും. മാനവജനതയുടെ മുമ്പിൽ ക്രൈസ്തവർക്ക് ഏറ്റ വലിയൊരു ക്ഷതമായിരുന്നു മെത്രാന്മാരെയും പുരോഹിതന്മാരെയും ചുറ്റിപ്പറ്റിയുള്ള പീഡന ആരോപണങ്ങളും അറസ്റ്റും റിമാൻഡും എല്ലാം. മീഡിയ ഇത്രമാത്രം ശക്തമായ ഇക്കാലത്ത് കുടിൽ മുതൽ കൊട്ടാരം വരെയുള്ള ഒരു സംഭവവും മൂടിവയ്ക്കാൻ കഴിയില്ല. ഹൃദയഭാരം പങ്കുവച്ചാൽ പകുതിയാകും എന്നാൽ രഹസ്യപാപം പുറത്തുപറയുന്നത് മെത്രാനോടാണെങ്കിലും ഭാരമോ പാരയോ ആയി മാറിയേക്കാം.

വസ്തുനിഷ്ഠമായി വചനം പഠിച്ചാൽ പാപം പരിഹരിക്കാൻ കഴിയുന്ന ആളോടാണ് പങ്കുവയ്ക്കേണ്ടത്. പാപം പങ്കുവച്ചാൽ പരിഹരിക്കാൻ ഉലകചരിത്രത്തിൽ അധികാരമുള്ള ഒരുവനെയുള്ളു. അത് ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനായ യേശു മാത്രമാണ്. കുമ്പസാരക്കൂട്ടിൽ മുട്ടുകുത്തി രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന സ്ത്രീയിൽ പിന്നീട് പുരോഹിതന്റെ കണ്ണു പതിയുന്നു. തെറ്റായ ചിന്തയിലേക്കു വഴിതെളിക്കുന്നു.

ഇവിടെ ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ട ക്രിസ്ത്യാനികൾ ക്രിസ്തുദർശനത്തിന്റെ ഘാതകരായി പുനർജനിക്കുമ്പോൾ മാനവരക്ഷകനായ യേശു ക്രൂശിൽ നേടിത്തന്ന വീണ്ടെടുപ്പാണ് വീഥികളിൽ ചവിട്ടി മെതിക്കപ്പെടുന്നത്. തിരുവചനം പഠിച്ചാൽ പുതിയ നിയമ സഭയിൽ പൗരോഹിത്യമില്ല എന്നതു വസ്തുതയാണ്. ഇവിടെ സാധാരണ വിശ്വാസിയും ശുശ്രൂഷകരും രാജകീയ പുരോഹിത വർഗ്ഗമാണെന്ന് ഒന്നാമത്തെ ശിഷ്യനായ പത്രൊസ് വെളിപ്പെടുത്തുന്നു. പഴയനിയമ പുരോഹിതൻ തന്റെ പാപത്തിനും ജനത്തിന്റെ പാപത്തിനും യാഗം അർപ്പിക്കേണ്ടി വരുന്നു. എന്നാൽ ശ്രേഷ്ഠ മഹാപുരോഹിതനായ യേശുവിന് തന്റെ പാപത്തിനായി ബലി നടത്തേണ്ടതില്ല. കാരണം, അവിടുന്ന് പാപമില്ലാത്ത പരിശുദ്ധനാണ്. എന്നാൽ തന്റെ ഏകബലി മരണത്താൽ മാനവകുലത്തിന് പാപപരിഹാരം വരുത്തിക്കൊണ്ട് ഉയിർത്തെണീറ്റു.

ഇവിടെ പാപം ഏറ്റുപറയേണ്ടത് പരിഹരിക്കാൻ കഴിയാത്ത പുരോഹിതന്മാരോടോ പുണ്യവാളന്മാരോടോ അല്ല, പ്രത്യുത, പാപിക്കു രക്ഷകനായി അവതരിച്ച യേശുവിനോടു മാത്രം ആയിരിക്കണം. പട്ടത്വസഭകൾ ഈ സത്യം തിരിച്ചറിഞ്ഞാൽ പെന്തെക്കോസ്തു സഭയിൽ വന്നേ പാദം ഉറപ്പിക്കാൻ പറ്റൂ. അതുകൊണ്ട് പുതിയനിയമ വീക്ഷണം അനുസരിച്ച് മനുഷ്യരുടെ മുമ്പിൽ കുമ്പസാരിക്കാൻ അനുവാദമില്ല. എന്നാൽ അതിരു ലംഘിക്കുന്നവർക്ക് കുമ്പസാരം ഒടുവിൽ കുരുക്കും കുടുക്കും ആയിരിക്കും.





Printed and published by APCCON | apcconvoice@gmail.com | www.apccon.com
Strictly for Private Circulation Only